കൃഷിക്കാർക്കുള്ള സൗജന്യ വൈദ്യുതി

18 [2768] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകിയതിന് വൈദ്യുതി ബോർഡിന് കൃഷി വകുപ്പിൽനിന്നും ലഭിക്കേണ്ട കുടിശ്ശിക 31-3-2005 വരെ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നെൽകൃഷിക്കാർക്കുള്ള വൈദ്യുതി സൗജന്യം എത്ര ഹെക്ടർ വരെയുള്ള കൃഷിക്കാണ് നൽകുന്നത്;

(സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, സാമൂഹ്യ ജലസേചന പദ്ധതികൾ, പാടശേഖര സമിതികൾ എന്നിവയ്ക്ക് വൈദ്യുതി സൗജന്യം ലഭിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഇവയ്ക്കുകൂടി സൗജന്യ വൈദ്യുതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുടിശ്ശികയുടെ പേരിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശം കൊടുത്തിട്ടുണ്ടോ; ഇത് രേഖാമൂലമുള്ള ഉത്തരവാക്കാൻ എന്താണ് തടസം എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് മൊത്തം എത്ര കൃഷിക്കാർക്ക് ഇന്ന് വൈദ്യുതി സൗജന്യം നൽകിവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ലതിരിച്ചുള്ള വിവരം നൽകാമോ?

ഉത്തരം

(എ) 31-3-2005 വരെ 65,21,73,190 രൂപ.

(ബി) വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായി 1-8-1995 മുതൽ വൈദ്യുതി സൗജന്യം നൽകിവരുന്നു.

(സി) സർക്കാർ ഉത്തരവ് (എം. എസ്.) 30/99/എ.ഡി. 4-2-1999 പ്രകാരം 1-8-1995 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും 1-4-1997 മുതൽ രണ്ടു ഹെക്ടറിൽ കവിയാത്ത മറ്റെല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യം സർക്കാർ ബാധകമാക്കിയിട്ടുണ്ട്. പാടശേഖരസമിതികളിൽ അംഗത്വമുള്ള കൃഷിക്കാർക്കും പ്രസ്തുത ഉത്തരവ് ബാധകമാണെന്ന് 25-7-2003-ലെ സർക്കുലർ പ്രകാരം ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്.

GPM. 2/587/2012.—9

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സൗജന്യമായി വൈദ്യുതി ലഭിക്കാൻ അർഹതയുള്ള കാർഷിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് സർക്കാരിൽനിന്നും ലഭിച്ചില്ലെങ്കിലും വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിൽനിന്നും 2-1-2001-ലെ ബോർഡ് സർക്കുലർ മുഖേന ഒഴിവാക്കിയിട്ടുണ്ട്.

(ഇ)

ജില്ല		*വൈദ്യുതി സൗജന്യം നൽകുന്ന കൃഷിക്കാരുടെ എണ്ണം*
തിരുവനന്തപുരം	—	3806
കൊല്ലം	—	3879
ആലപ്പുഴ	—	1584
പത്തനംതിട്ട	—	31
കോട്ടയം	—	2946
ഇടുക്കി	—	1087
എറണാകുളം	—	20741
തൃശ്ശൂർ	—	105182
മലപ്പുറം	—	28268
കോഴിക്കോട്	—	6560
പാലക്കാട്	—	32567
വയനാട്	—	1068
കണ്ണൂർ	—	10957
കാസർഗോഡ്	—	15643
	ആകെ	234319

കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള പദ്ധതി

19 [2769] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള പദ്ധതി കേരളത്തിന് അനുവദിച്ച് കിട്ടിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; എന്നത്തേക്ക് ഇതിന്റെ പ്രവർത്തി ആരംഭിക്കുവാൻ കഴിയും?

LIBRARY ARCHIVES Kerala Legislative Assembly